മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298


2022 ഏപ്രിൽ 1

# വാർത്താക്കുറിപ്പ്

---

## ഓൺലൈൻ പരിശീലനം

മഹാത്മാഗാന്ധി സർവ്വകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ്ങ് ലേണിംഗ് ആന്റ് എക്സ്റ്റെൻഷനിൽ ഇൻഫർമേഷൻ ടെക്നോളജി, ആർട്ടിഫിഷൽ ഇന്റലിജൻസ് ആന്റ് സൈബർ സെക്യൂരിറ്റി എന്ന വിഷയത്തെ ആസ്പദമാക്കി ഏപ്രിൽ ആറ് മുതൽ 14 വരെ എട്ട് ദിവസത്തെ ഹ്രസ്വകാല ഓൺലൈൻ ട്രെയിനിംഗ് പ്രോഗ്രാം നടത്തുന്നു. വൈകുന്നേരം 6.30 മുതൽ 8.30 വരെയാണ് പരിശീലന സമയം. രജിസ്ട്രേഷൻ ഫീസ് 500 രൂപ. വിശദവിവരങ്ങൾക്ക് 08301000560, 08921438168 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

(പി.ആർ.ഒ./39/390/2022)

## കരാർ നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാല ഐ.ടി. സെല്ലിലെ വിവിധ പ്രോജക്ടുകളിലേക്ക് ലീഡ് ഡെവലപ്പർമാരുടെ തസ്തികയിലേക്ക് താത്കാലിക - കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. യോഗ്യത, അപേക്ഷിക്കേണ്ട രീതി എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ (www.mgu.ac.in) എന്ന സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 2733303.

(പി.ആർ.ഒ./39/391/2022)

## അപേക്ഷ തീയതി പുന:ക്രമീകരിച്ചു

ഒന്നാം സെമസ്റ്റർ ബി.വോക് (പുതിയ സ്കീം - 2020 അഡ്മിഷൻ - റെഗുലർ / 2019, 2018 അഡ്മിഷൻ - റീഅപ്പിയറൻസ് / ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പിഴയില്ലാതെ ഏപ്രിൽ മൂന്ന് വരെയും 525 രൂപ പിഴയോടു കൂടി ഏപ്രിൽ നാലിനും 1050 രൂപ സൂപ്പർഫൈനോടു കൂടി ഏപ്രിൽ അഞ്ചിനും അപേക്ഷിക്കാം.

(പി.ആർ.ഒ./39/392/2022)

## പുതുക്കിയ ടൈംടേബിൾ

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിന്റെ ഒന്നാം സെമസ്റ്റർ എം.എഡ് (സി.എസ്.എസ്. - 2021-2023 ബാച്ച് - റെഗുലർ / 2020-22 ബാച്ച് - സപ്ലിമെന്ററി) എക്സ്റ്റേണൽ പരീക്ഷയുടെ ടൈംടേബിൾ പുനക്രമീകരിച്ചിരിക്കുന്നു. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/393/2022)

## പരീക്ഷാ തീയതി

ആറാം സെമസ്റ്റർ സി.ബി.സി.എസ്. (2019 അഡ്മിഷൻ - റെഗുലർ /2017, 2018 അഡ്മിഷൻ - റീ-അപ്പിയറൻസ്), സി.ബി.സി.എസ്. സൈബർ ഫോറൻസിക് (2019 അഡ്മിഷൻ - റെഗുലർ) പരീക്ഷകൾ ഏപ്രിൽ 20 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/394/2022)

## പരീക്ഷാ ഫലം

2021 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ് - എം.എസ്.സി. ഹോം സയൻസ് ബ്രാഞ്ച് X (D) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് ഏപ്രിൽ 11 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/395/2022)

2021 ഡിസംബറിൽ നടന്ന പത്താം സെമസ്റ്റർ ബി.എ - എൽ.എൽ.ബി. പഞ്ചവത്സര ഇന്റഗ്രേറ്റഡ് പ്രോഗ്രാം (2015, 2012-2014 അഡ്മിഷൻ - സപ്ലിമെന്ററി), ബി.എ - ക്രിമിനോളജി എൽ.എൽ.ബി. (2011 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 16.

(പി.ആർ.ഒ./39/396/2022)

2021 ഒക്ടോബറിൽ ഐ.ഐ.ആർ.ബി.എസ് നടത്തിയ അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഇന്റർഡിസിപ്ലിനറി എം.എസ് സി (സയൻസ് ഫാക്കൽറ്റി - സി.എസ്.എസ്.പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

(പി.ആർ.ഒ./39/397/2022)

2022 മാർച്ചിൽ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ. കമ്പ്യൂട്ടർ സയൻസ് (2019 അഡ്മിഷൻ - സയൻസ് ഫാക്കൽറ്റി - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.

(പി.ആർ.ഒ./39/398/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ